## ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ നടപടിക്രമം
(ഹാജർ: ശ്രീ.ബി.റ്റി.വി.കൃഷ്ണൻ, ബി.ടെക്)

**ഉത്തരവ് നം. ബി1-38409/2020/സി.ഇ തീയതി. 26/08/2020**

വിഷയം : ജീവനക്കാര്യം - ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് – കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ ഡെപ്യൂട്ടേഷൻ റദ്ദ് ചെയ്ത് തിരികെ വന്ന ക്ലാർക്ക് ശ്രീ.ജി.ഗോപകുമാറിനെ ജോലിയിൽ പ്രവേശിപ്പിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്.

പരാമർശം :
1. സർക്കാർ ഉത്തരവ് (സാധാ) നം.457/2020/മ.ഉ.വ തീയതി. 19/08/2020
2. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് തിരുവനന്തപുരം റീജിയണൽ എക്സിക്യൂട്ടീവിന്റെ 25/08/2020 ലെ ഡി/1269/2019 നമ്പർ ഉത്തരവ്.

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അന്യത്ര സേവനം അനുഷ്ഠിച്ചു വന്ന പൊന്നാനി സബ് ഡിവിഷനിലെ ക്ലാർക്ക് ശ്രീ.ജി.ഗോപകുമാറിന്റെ അന്യത്ര സേവനം റദ്ദ് ചെയ്ത് ഒന്നാം സൂചന പ്രകാരം ഉത്തരവായതിനെതുടർന്ന് ടിയാൻ മാതൃവകുപ്പിൽ തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് രണ്ടാം പരാമർശ പ്രകാരം കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് തിരുവനന്തപുരം റീജിയണൽ എക്സിക്യൂട്ടീവ് ആഫീസർ 25/08/2020 ന് വൈകുന്നേരം വിടുതൽ ചെയ്തിട്ടുണ്ട്.

ക്ലാർക്ക് ശ്രീ.ജി.ഗോപകുമാർ അന്യത്ര സേവനത്തിൽ പ്രവേശിച്ചതുമിനിത്തം പൊന്നാനി സബ് ഡിവിഷനിലുണ്ടായ ഒഴിവ് മലപ്പുറം ജില്ലാ പി.എസ്.സിയിൽ അറിയിക്കുകയും പി.എസ്.സി അഡ്വൈസ് ചെയ്ത പ്രകാരം ശ്രീ.ബി.അലിഅക്ബർ ജോലിയിൽ പ്രവേശിച്ച് തുടർന്നുവരികയും ചെയ്യുന്നു. മലപ്പുറം ജില്ലയിലെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ കാര്യാലയങ്ങളിലൊന്നും ക്ലാർക്ക് തസ്തികയിൽ നിലവിൽ ഒഴിവുകൾ ഇല്ല. ഈ സാഹചര്യത്തിൽ ഡെപ്യൂട്ടേഷൻ കഴിഞ്ഞ് വകുപ്പിൽ തിരികെ പ്രവേശിച്ച ക്ലാർക്ക് ശ്രീ.ജി.ഗോപകുമാറിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ നിലവിൽ ഒഴിവുള്ള ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിപ്പിച്ച് ഉത്തരവാകുന്നു.

ഒപ്പ്

ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

ശ്രീ.ജി.ഗോപകുമാർ, ക്ലാർക്ക്

പകർപ്പ് :
1. സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ഉത്തരമേഖല, കോഴിക്കോട്.
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ഡിവിഷൻ, മലപ്പുറം
3. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ഡിവിഷൻ,പൊന്നാനി
4. സ്റ്റോക്ക് ഫയലിലേയ്ക്ക് / വെബ് സൈറ്റിലേയ്ക്ക്

ഉത്തരവിൻപ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

T4/S1